പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.944 — 29.09.2016-ൽ മറുപടിക്ക്

## മത്സ്യബന്ധന തുറമുഖങ്ങളുടെ വികസന പ്രവൃത്തികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി യു. പ്രതിഭ ഹരി: | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി) |
| (എ)) | മത്സ്യബന്ധന തുറമുഖങ്ങളിൽ നടക്കുന്ന വികസന പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പതിമൂന്ന് മത്സ്യബന്ധന തുറമുഖങ്ങളുടേയും, മൂന്ന് ഫിഷ് ലാൻഡിംഗ് സെന്ററുകളുടേയും പര്യവേഷണ വിവരങ്ങൾ ലഭ്യമാക്കുമോ? | (ബി) | 1991 ലെ CRZ വിജ്ഞാപനം കേന്ദ്രസർക്കാർ പുറപ്പെടുവിച്ച ശേഷം എല്ലാ മത്സ്യബന്ധന തുറമുഖങ്ങൾക്കും പര്യവേഷണവും പരിസ്ഥിതി ആഘാത പഠനവും നടത്തിയാണ് അനുമതി നേടിയിട്ടുള്ളത്. മത്സ്യബന്ധന തുറമുഖങ്ങളുടെയും ഫിഷ് ലാന്റിംഗ് സെന്ററുകളുടെയും നിർമ്മാണത്തിനു മുന്നോടിയായി നടത്തുന്ന പര്യവേഷണ വിവരങ്ങൾ ചുവടെ ചേർക്കുന്നു:<br>മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം തെരഞ്ഞെടുത്ത ശേഷം ഇൻവെസ്റ്റിഗേഷൻ, മാതൃകാ പഠനം, പാരിസ്ഥിതിക പഠനം, എന്നിവ നടത്തി കോസ്റ്റൽ റഗുലേഷൻ സോൺ ക്ലിയറൻസ്, പൊല്യൂഷൻ കൺട്രോൾ ബോർഡ് അനുമതി എന്നിവ ലഭ്യമാക്കിയ ശേഷം വിശദമായ ലേഔട്ടും പ്രോജക്ട് പ്രൊപ്പോസലും തയ്യാറാക്കി അംഗീകാരം നൽകിയാണ് പ്രവൃത്തി ആരംഭിക്കുന്നത്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 1991 ലെ കോസ്റ്റൽ റഗുലേഷൻ സോൺ നോട്ടിഫിക്കേഷൻ വന്നതിനുശേഷം നടപ്പിലാക്കിയ എല്ലാ മത്സ്യബന്ധന തുറമുഖങ്ങളും പരിസ്ഥിതി |

| | | |
|---|---|---|
| | | ക്ളിയറൻസ് ലഭ്യമാക്കിയ ശേഷമാണ് നടപ്പിലാക്കി വരുന്നത്. 1991 ന് മുമ്പ് നിർമ്മാണം ആരംഭിച്ച മത്സ്യബന്ധന തുറമുഖങ്ങൾക്ക് പരിസ്ഥിതി പഠനം ആവശ്യമില്ലായിരുന്നു.<br>കായംകുളം നിയോജകമണ്ഡലത്തിൽ ഒരു മത്സ്യബന്ധന തുറമുഖവും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രവുമാണ് നിലവിലുള്ളത്. ഇതിൽ കായംകുളം മത്സ്യബന്ധന തുറമുഖം മേൽ പഠനങ്ങൾക്കും അനുമതിക്കും വിധേയമായി മേയ് 2008 ൽ പൂർത്തികരിച്ചിട്ടുണ്ട്. മുട്ടത്ത് മണ്ണേൽ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തിന്റെ നിർമ്മാണത്തിനായി 76.05 ലക്ഷത്തിന്റെ ഭരണാനുമതി നൽകിയതനുസരിച്ച് ജൂലൈ 2015 ൽ പൂർത്തീകരിച്ചിട്ടുണ്ട്. |

Hadeena

സെക്ഷൻ ഓഫീസർ